# പതിമൂന്നാം കേരളനിയമസഭ

## ഏഴാം സമ്മേളനം

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണവും നിർവ്വഹണവും

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.121. 11.02.2013-ൽ മറുപടിക്ക്.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.ജി.സുധാകരൻ | ഡോ.എം.കെ.മുനീർ.<br>(ബഹു.പഞ്ചായത്തും സാമൂഹ്യ ക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2012-13 വർഷത്തെ പദ്ധതി രൂപീകരണവും നിർവ്വഹണവും സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) | ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2012-13 വർഷത്തെ പദ്ധതി രൂപീകരണവും നിർവ്വഹണവും സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലും ജില്ലാ തലത്തിലും തുടർന്ന് സംസ്ഥാനതലത്തിലും വിലയിരുത്തലുകൾ നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. കേരളത്തിലെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ 2012-13 വർഷത്തേയ്ക്ക് 8534.71 കോടി രൂപയുടെ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ 984.44 കോടി രൂപയ്ക്ക് ഉത്പാദന മേഖലയിലും 4614.45 കോടി രൂപയ്ക്ക് സേവന മേഖലയിലും 2935.83 കോടി രൂപയ്ക്ക് പശ്ചാത്തല മേഖലയിലും ഉള്ള പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്. ഇതു വരെ ഗ്രാമപഞ്ചായത്തുകൾ പദ്ധതികൾക്കായി 474.94 കോടി തുക ചെലവഴിച്ചിട്ടുണ്ട്. ഇത് ആകെ പദ്ധതി വിഹിതത്തിന്റെ 22.68 % ആണ്. |

| | | | |
|---|---|---|---|
| (ബി) | ഈ വർഷം മുതൽ സാങ്കേതിക ഉപദേശക ഗ്രൂപ്പുകളെ പിരിച്ചുവിട്ടതുമൂലം പദ്ധതി രൂപീകരണത്തിനും അംഗീകാരത്തിനും ഉണ്ടായിട്ടുള്ള തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സാങ്കേതിക ഉപദേശക ഗ്രൂപ്പുകളുടെ അഭാവം പദ്ധതി രൂപീകരണത്തിലും അംഗീകാരത്തിനും തടസ്സങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മറിച്ച് ആസൂത്രണ പ്രക്രിയകൾ കുറച്ചുകൂടി ലഘൂകരിക്കപ്പെടുകയാണ് ചെയ്തത്. |
| (സി) | പദ്ധതി രൂപീകരണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിരുന്ന സമയക്രമം പിന്നിട്ടിട്ടും പദ്ധതി രൂപീകരണം എങ്ങുമെത്താതിരുന്നത് പദ്ധതി നിർവ്വഹണത്തെ ഏതു തരത്തിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | പരിശോധിച്ചിട്ടുണ്ട്. 12-ാം പഞ്ചവൽസര പദ്ധതിയുടെ ആദ്യവർഷമായ 2012-13 വർഷം മുൻവർഷങ്ങളിൽ അനുവർത്തിച്ച് വന്ന രീതികൾ കുറച്ചു കൂടി ലഘൂകരിക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ആസൂത്രണ പ്രക്രിയകൾ പരിഷ്ക്കരിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2012-13 വർഷത്തെ വാർഷിക പദ്ധതി പ്രോജക്ടുകളുടെ ഡാറ്റാ എൻട്രി ഡിസംബർ 10 നകം പൂർത്തീകരിക്കേണ്ടതാണെന്നും ഡിസംബർ 17 നകം പ്രോജക്ട് വെറ്റിംഗ് നടത്തേണ്ടതാണെന്നും തീയതി നീട്ടികൊടുത്തിട്ടുണ്ട്. വീണ്ടും ജില്ലാ പഞ്ചായത്തുകൾക്കും ബ്ളോക്ക് പഞ്ചായത്തുകൾക്കുമായി ഡാറ്റാ എൻട്രി നടത്തുന്നതിനുള്ള തീയതി 2013 ജനുവരി 15 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ചില ഗ്രാമപഞ്ചായത്തുകൾ അവരുടെ തനതായ പ്രശ്നങ്ങൾ കാരണം അപേക്ഷിച്ചതിനനുസരിച്ച് അവർക്കു മാത്രമായി തീയതി ദീർഘിപ്പിച്ചു നൽകിയിട്ടുമുണ്ട്. നിർവ്വഹണത്തിൽ തടസ്സങ്ങളെന്തെങ്കിലും നേരിട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ